**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3347** **25-10-2021 - ൽ മറുപടിയ്ക്ക്**

**തിരൂർ മണ്ഡലത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | തിരൂർ നിയോജകമണ്ഡലത്തിൽ റവന്യൂ വകുപ്പിന്റേതുൾപ്പെടെ എത്ര സർക്കാർ സ്ഥാപനങ്ങൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) | തിരൂർ നിയോജകമണ്ഡലത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന റവന്യൂ വകുപ്പ് അടക്കമുള്ള എല്ലാ സർക്കാർ സ്ഥാപനങ്ങളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 1. താലൂക്ക് സപ്ലൈ ഓഫീസ്, തിരൂർ, 2. താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്, തിരൂർ 3. ലീഗൽ മെട്രോളജി ഓഫീസ്, തിരൂർ 4. താലൂക്ക് വ്യവസായ ഓഫീസ്, തിരൂർ 5. അസിസ്റ്റന്റ് ലേബർ ഓഫീസ്, തിരൂർ 6. എക്സൈസ് ഓഫീസ് (റേഞ്ച്), തിരൂർ 7. എക്സൈസ് ഓഫീസ് (സർക്കിൾ) തിരൂർ 8. റീസർവ്വെ സൂപ്രണ്ട്, എക്സൈസ് ഓഫീസ്, തിരൂർ 9. മത്സ്യഫെഡ് ഓഫീസ്, തിരൂർ 10. ജില്ലാ ലോട്ടറി ഓഫീസ്, തിരൂർ 11. സബ് ട്രഷറി ഓഫീസ്, തിരൂർ 12. സബ് രജിസ്ട്രാർ ഓഫീസ്, തിരൂർ 13. കൃഷി ഭവൻ, തിരുനാവായ |
| (ബി) | തിരൂർ മിനി സവിൽ സ്റ്റേഷനോട് അനുബന്ധിച്ച് റവന്യൂ വകുപ്പിന്റെ എത്ര സ്ഥലം ഒഴിഞ്ഞു കിടക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ; | (ബി) | ഏകദേശം 15 ഏക്കർ സ്ഥലം ഒഴിഞ്ഞു കിടപ്പുണ്ട്. യഥാർത്ഥ സ്ഥല ലഭ്യത റീസർവ്വെ പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ അറിയുവാൻ കഴിയുകയുള്ളൂ. |
| (സി) | പ്രസ്തുത മിനി സിവിൽ സ്റ്റേഷനിൽ സ്ഥല സൗകര്യത്തിന്റെ അപര്യാപ്തത നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | പ്രസ്തുത സിവിൽ സ്റ്റേഷനോട് ചേർന്ന് ഒഴിഞ്ഞ് കിടക്കുന്ന സ്ഥലത്ത് അഡീഷണൽ ബ്ലോക്ക് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കാമോ? | (ഡി) | ഫണ്ട് ലഭ്യതയ്ക്ക് വിധേയമായി മാത്രമേ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ